# കേരളീയനവോത്ഥാനവും മാനവികതയും.

ശാസ്ത്രം കുതിക്കുകയും, മാനവികത കിതയ്ക്കുകയും മൂല്യങ്ങൾ പതിക്കുകയും ചെയ്യുന്ന അത്യാധുനികതയുടെ ഇന്നത്തെ കാലത്ത്, പുരോഗമനത്തിന്റെ അനന്തവിഹായസ്സുകളിലേക്ക് പറന്നുയരുന്ന കേരളീയസമൂഹത്തിന് ജാതിവിവേചനങ്ങളാലും, സാമൂഹികവിപത്തുകളാലും പ്രക്ഷുബ്ദമായിരുന്ന ഒരു ഇരുണ്ടഭൂതകാലം ഉണ്ടായിരുന്നു എന്ന വസ്തുത ചരിത്രത്തിന്റെ അമൂല്യമായ താളുകളിൽ സ്വർണ്ണലിപികളാൽ രചിക്കപ്പെട്ടിട്ടുള്ളതാണ്.

ജാതിമതവർഗ്ഗവർണ്ണഭേദങ്ങളും മറ്റ് അന്ധവിശ്വാസങ്ങളും സാമൂഹിക വൈരുദ്ധ്യങ്ങളാലും കലുഷിതമായിരുന്ന കേരളത്തെ സമുദ്ധരിച്ച് മാനവികതയിലൂന്നിയ മാതൃകയാക്കി, മറ്റ് സംസ്ഥാനങ്ങൾക്ക് മുന്നിൽ മഹത്തായ ഒരു നാടാക്കി മാറ്റിയതിൽ സാമൂഹ്യനവോത്ഥാന നായക-

രുടെയും, സമുദ്ധാരകരുടെയും പക്ക്
നിസ്സാരമല്ല എന്നത് വസ്തുതയാണ്.
തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ,
ദർശിച്ചാൽ പോലും ദോഷമുള്ളവർ,
ഒരു പന്തിയിലിരുന്ന് ഭക്ഷിക്കാനാകാത്ത-
വർ, തുടങ്ങി മേൽജാതി - കീഴ്ജാതി
പോലുള്ള അന്തരങ്ങൾ വരെ നിലയുറ
പ്പിച്ചിരുന്ന അന്ധകാരത്തിന്റെയും,
കൊള്ളരുതായ്മകളുടെയും ഇരുണ്ടയു-
ഗത്തിൽ നിന്നും കേരളം ഇന്ന് ദൈവത്തി-
ന്റെ സ്വന്തം നാടായി തീർന്നതിന് പിന്നിൽ
അന്യർക്കായി ജീവിച്ച് സ്വന്തം ജീവിതം
ധന്യമാക്കിത്തീർത്ത അനവധി മനുഷ്യ-
സ്നേഹികളുടെയും, നവോത്ഥാനനായക-
രുടെയും ഉള്ളറിഞ്ഞുള്ള പ്രവർത്ത-
നങ്ങളും, അവരുടെ ഉള്ളിൽ
അണയാതെ ജ്വലിച്ച മാനവികത എന്ന
മഹാ അഗ്നിയും തന്നെയാണ്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി......................
പ്രോഗ്രാം കമ്മിറ്റി

Item Code: 944 Participant Code: 027

# മാനവികതയെന്ന അവിഭാജ്യഘടകം

മനുഷ്യന്റെ ഏറ്റവും വലിയ തിരിച്ചറിവാണ് മനുഷ്യത്വം. മാനവികത അന്യമായ ഒരു ജീവിയെ മനുഷ്യനെന്ന് വിളിക്കാനാകുമോ? തനിക്കും ചുറ്റും തന്റെ തന്നെ ഭാഗമുൾക്കൊള്ളുന്ന സമൂഹത്തിൽ, തന്റെ സഹോദരങ്ങളായി നിലകൊള്ളുന്ന വ്യക്തികളും തന്നെപോലെ തന്നെ ഭാവങ്ങളും, ചിന്തകളും, വികാരങ്ങളുമുള്ള വ്യക്തിയാണെന്നും, അവർ കടന്നുപോകുന്ന സാഹചര്യങ്ങളെ വിലയിരുത്തി അവരുടെ അവസ്ഥ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനുള്ള വിവേകത്തെയാണ് മാനവികത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

സ്വന്തം സമൂഹത്തിൽ, താനുൾക്കൊള്ളുന്ന മനുഷ്യരുടെ മതത്തിൽ പെട്ടവർ സഹജീവികളിലുപരി നമ്മുടെ സഹോദരരാണെന്നുള്ള തിരിച്ചറിവുണ്ടാകുമ്പോഴാണ് ഓരോരു-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ആരും യഥാർത്ഥത്തിൽ മനുഷ്യരാകുന്നത്.

എന്നാൽ ഇന്ന് അരാജകത്വ-
വും, അനീതിയും, പക്ഷപാതവും,
അസമത്വവും എല്ലാം കാലത്തിന്റെ
ചക്രം ചലിപ്പിക്കുമ്പോൾ നാം വീണ്ടും
അന്ധകാരത്തിന്റെ നാളുകളിലേക്ക്
മടങ്ങിപ്പോവുകയാണെന്ന വസ്തുത
മനസ്സിലാക്കാൻ ഇന്നത്തെ സമൂഹത്തിന്
കഴിയാതെ പോകുന്നു.

"തൊട്ടുകൂടാത്തവർ
തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ.
കെട്ടില്ലാത്തോർ
തമ്മിലുണ്ണാത്തോരങ്ങനെ-
യൊട്ടല്ലഹോ! ജാതിക്കോമരങ്ങൾ"

അനന്തമായ ആശയങ്ങൾകൊണ്ടും
ആർജ്ജവമേറിയ ആദർശങ്ങൾ-
കൊണ്ടും കേരളത്തെ സമുദ്ധരിച്ച,
തൂലിക പടവാളാക്കിയ വീരയോദ്ധാവ്

ശ്രീ കുമാരനാശാന്റെ വരികൾ! അന്ധതയുടെയും അറിവില്ലായ്മയുടെയും കരാളഹസ്തങ്ങളിൽ പിടഞ്ഞ് ശ്വാസം മുട്ടിയിരുന്ന കേരളീയസമൂഹത്തെ സത്യത്തിന്റെയും സഹോദര്യത്തിന്റെ സമഭാവനയുടെയും പ്രകാശത്തിലേക്ക് നയിച്ച ആ മഹാന്റെ ഓരോ വരികളും അനർഘളമായ മാനവികചിന്തയുടെ ഫലങ്ങളാണ്.

നമ്മുടെ ഇന്നത്തെ കാലത്തെ നാം കാണുന്നതിന് മുമ്പേ കണ്ട് നമ്മുടെ പാതകളെ മനസ്സിലാക്കിയ നിർലവിക്ഷികളുടെ ആത്മാവിന്റെ അറകളിൽ ഉത്ഭവിച്ച മാനവികത എന്ന മഹത്തായ ആശയത്തിന്റെ നിറം മങ്ങാത്ത തെളിവുകളാണ് കേരളീയസമൂഹത്തിന്റെ പരിവർത്തനം. ലോകരാഷ്ട്രങ്ങൾക്കിടയിൽ പോലും ഇന്ന് ഭാരതം പ്രൗഢിയോടെയും, ഗാംഭീര്യത്തോടെയും തിളങ്ങുന്നത്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

മുൻകഴിഞ്ഞ കാലഘട്ടങ്ങളിൽ ഭാരതത്തിന്റെ ആത്മാവിനെ കൈ തൊട്ടറിഞ്ഞ രാജാറാം മോഹൻറോയ്, സ്വാമി വിവേകാനന്ദൻ, സ്വാമി ദയാനന്ദ സരസ്വതി, ജ്യോതിറാവു ഫുലേ, ഈശ്വർ ചന്ദ്ര വിദ്യാസാഗർ, ശ്രീരാമകൃഷ്ണ പരമഹംസൻ തുടങ്ങിയ മഹത്‌വ്യക്തിത്വങ്ങൾ പകർന്നുതന്ന മൂല്യബോധവും, സാമൂഹ്യഭദ്രതയും കൊണ്ടാണ് എന്ന് നിസ്സംശയം പറയാനാവും.

## കേരളം :- പഴയകാലവും, പുതിയകാലവും

അചഞ്ചലമായ അന്ധവിശ്വാസങ്ങളിലും, ജാതിമതവർണ്ണവർഗ്ഗഭേദങ്ങളിലും അടിയുറച്ച് വിശ്വസിച്ചിരുന്ന കേരളീയസമൂഹം അന്ധകാരത്തിന്റെ പടുകുഴിയിൽ അധഃപതിച്ചിരുന്നു. സതി, ശൈശവവിവാഹം, തുടങ്ങി സ്ത്രീകളുടെ അടിച്ചമർത്തലും ജാതിമേൽക്കോയ്മയുമെല്ലാം കേരളത്തിന്റെ അസ്ഥിത്വത്തെ തന്നെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വെല്ലുവിളിച്ചിരുന്ന കാലത്ത് കർഷകർക്ക് യാതൊരുവിധ പരിഗണനയോ സ്വാതന്ത്ര്യമോ ലഭിച്ചിരുന്നില്ല. വിദ്യാഭ്യാസത്തിനോ ഉന്നതവിദ്യാഭ്യാസത്തിനോ പോലും യാതൊരു വിധ വിലയുമുണ്ടായിരുന്നില്ല. ഇതിലൂടെ വളർന്ന് വരുന്ന സമൂഹം സമാനതകളില്ലാത്ത ചൂഷണങ്ങൾക്ക് വിധേയരാവുന്നു.

മാത്രമോ, സ്ത്രീകൾക്ക് മാറ് മറക്കാനോ, വഴിനടക്കാനോ കഴിയാതിരുന്ന അന്ന്, സ്ത്രീകളുടെ ഉന്നമനം സാധ്യമാക്കുന്നതിലൂടെ സാമൂഹിക പുനരുദ്ധാരണം ലക്ഷ്യമിട്ട് രംഗത്ത് വന്ന വി.ടി. ഭട്ടതിരിപ്പാട് 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന വിഖ്യാതമായ സൃഷ്ടിയിലൂടെ നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികളും, ക്ലേശങ്ങളുമെല്ലാം ലോകത്തിന് മുന്നിൽ തുറന്നുകാണിച്ച് സ്ത്രീ ശാക്തീകരണത്തിൽ വലിയ പങ്ക് വഹിച്ചു.

സ്വന്തം ജീവിതത്തേക്കാൾ മറ്റുള്ളവർ
ക്ക് വേണ്ടി വ്യാകുലപ്പെട്ട്, അവർ നേരിടുന്ന
പ്രതിബന്ധങ്ങൾ മനസ്സിലാക്കുന്ന
യഥാർത്ഥ മനുഷ്യരുടെ മാനവികതയാ-
ണ് കേരളീയനവോത്ഥാനത്തിന് പിന്നി-
ലെ ചാലകശക്തിയെന്നതിൽ സംശയമില്ല.

## നവോത്ഥാനനായകർ

മനുഷ്യരേതായാലും മനുഷ്യർത-
ന്നെ എന്ന ചിന്തയ്ക്ക് പകരം പാരമ്പ-
ര്യമായി മതമാണ് സർവ്വവും മതത്തി-
ലൂടെയാണ് മനുഷ്യർ നിർവ്വചിക്കപ്പെ
ടുന്നത് എന്ന ആശയം കുത്തിവെച്ചിരു-
ന്ന അക്കാലത്ത് മതസൗഹാർദ്ദവും
മാനുഷികസമത്വവുമെല്ലാം ഒരു
മരീചിക തന്നെയായിരുന്നു.

എന്നാൽ 'മതമേതായാലും
കൊള്ളാം മനുഷ്യർ നന്നായാൽ
മതി' എന്ന ആശയം പ്രവാചകതു-
ല്യനായ ശ്രീനാരായണഗുരു മുന്നോട്ട്
വയ്ക്കുകയും പിന്നീട് കേരളത്തിൽ

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

മതമൗലികവാദങ്ങളെയും മതപരമാ-
യ സംവാദങ്ങളെയും സ്വതസിദ്ധമായ
തത്ത്വചിന്തകൾ കൊണ്ട് അശേഷം
എതിർത്തും, മതങ്ങൾക്കുപരിയാണ്
മനുഷ്യർ എന്ന ചിന്ത പ്രബോധനം
ചെയ്യുകയും ചെയ്തു. ഒരു വീടിന്റെ
മേൽക്കൂരയിലെത്താനുള്ള ഗോവണി-
കൾ പോലെ, ദൈവത്തിലേക്ക് എത്താ
നുള്ള വിവിധമാർഗ്ഗങ്ങളാണ്
മതങ്ങളെന്ന സവിശേഷമായ
പ്രഖ്യാപനത്തിലൂടെ അദ്ദേഹം
മതങ്ങളുടെ നൈമിഷികതയെ
വിലയിരുത്തി.

പിന്നീട് അരുവിപ്പുറത്ത്
നടന്ന വിശ്വവിഖ്യാതമായ കണ്ണാടിപ്രതിഷ്-
ഠയിലൂടെയും ഗുരു ഉദ്ബോധിപ്പിച്ച
ചിന്തകൾ ഇതുതന്നെ. മനുഷ്യനിലൂടെ
മാനവികതയിലൂടെ മാത്രമെ ദൈവം
എന്ന അനുഭവത്തിലേക്ക് എത്താൻ
സാധിക്കൂ എന്ന സന്ദേശമാണ്
ഗുരുവിന്റെ ആപ്തവാക്യം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കേരള സ്കൂൾ കലോത്സവം 64-ാമത് തിരുത്തൽ.................. പ്രോഗ്രാം കമ്മിറ്റി

ഓരോ പള്ളിയ്ക്കൊപ്പവും ഓരോ പള്ളിക്കൂടം സാധ്യമാക്കുന്നതിലൂടെ മാത്രമേ കേരളത്തെ പിടിച്ചുലയ്ക്കുന്ന മൂല്യത്തകർച്ചയെയും സാമൂഹികവിപത്തുകളെയും പൂർണ്ണമായി നിർമാർജ്ജനം ചെയ്യാൻ സാധിക്കൂ എന്ന തിരിച്ചറിവാണ് വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചനെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചിന്തയിലേക്ക് എത്തിച്ചത്.

ദരിദ്രരായ കുട്ടികൾക്ക് ഭക്ഷണവും സൗജന്യവിദ്യാഭ്യാസവും ലഭ്യമാക്കാൻ അദ്ദേഹം ബക്കറ്റ് പിരിവുകളും പിടിയരി സമ്പ്രദായങ്ങളുമെല്ലാം ആവിഷ്കരിച്ചു. സ്വന്തം തറവാട്ടിലെ സുഖസൗകര്യങ്ങളും വും വെടിഞ്ഞ് വേദനിക്കുന്ന ഹൃദയങ്ങൾക്ക് വേണ്ടി വർത്തിക്കാൻ പിതാവിനെ പ്രേരിപ്പിച്ചത് അനന്തമായ മാനവികതയുടെ ചിന്തകൾ തന്നെയാണ്.

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

മാനവികത എന്ന സുന്ദരമായ വികാരമാണ് ഏതൊരു പ്രസ്ഥാന-ത്തിന്റെ അവിഭാജ്യമായ ആവശ്യവും ലക്ഷ്യവും.

കേരളത്തിന്റെ ഏതൊരു-കോണിലും ഇന്നും നിലനിൽക്കുന്ന ഒന്നാണ് മതമൈത്രി. എന്നാൽ അതിൽപ്പോലും വർഗ്ഗീയതയുടെ കാരമുള്ളുകൾ വിതറുന്നവർ ഏറെയാണ്. കേരളത്തെ 'ഭ്രാന്താലയം' എന്നാണ് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത്. അത്രവേൽ അധഃപതി-ച്ചിരുന്ന ഒരു ജനതയെ ഉത്ഥാന-ത്തിലേക്ക് നയിക്കാൻ പ്രമുഖരായ ജനനായകരെ പ്രേരിപ്പിച്ചത് 'മാനവികത' എന്ന കതിർന്ന വികാരം ഒന്നുമാത്രമാണ്.

ക്ഷേത്രങ്ങളിൽപോലും പാവങ്ങൾക്ക് പ്രവേശിക്കാനാകാതി-രുന്ന കാലത്ത്, സവർണ്ണർ, അവർണ്ണ-ർ എന്നിങ്ങനെ ധാരാളം. ഭിന്നതകൾ

64-ാമത് കേരള സ്കൂൾ കലോത്സവം
2026 ജനുവരി 14 - 18 - തൃശ്ശൂർ

കേരള സ്കൂൾ കലോത്സവം തിരുത്തി..................
പ്രോഗ്രാം കമ്മിറ്റി

നിറഞ്ഞിരുന്ന ഒരു സമൂഹത്തിൽ
മാനവികതയുടെ ഉദ്ബോധനവും,
അവബോധവും അത്ര എളുപ്പമു-
മായിരുന്നില്ല. 'ഞങ്ങളുടെ
കുഞ്ഞുങ്ങളെ പഠിപ്പിച്ചില്ലെങ്കിൽ
ഞങ്ങൾ നിങ്ങളുടെ വയലുകളിൽ
പണിയെടുക്കില്ല' എന്ന് പ്രഖ്യാപിച്ച്
വില്ലുവണ്ടി സമരം നടത്തിയ സമര-
നായകൻ ശ്രീ. അയ്യങ്കാളിയുടെയും
മന്നത്ത് പത്മനാഭന്റെയുമെല്ലാം
മനുഷ്യത്വവും, സഹവർത്തിത്വമനോ-
ഭാവവും ഒന്നുകൊണ്ട് മാത്രമാണ്
നാം ഇന്ന് ദർശിക്കുന്ന കേരളം
ഉയർന്ന് വന്നത്.

നമ്പൂതിരിസമുദായത്തിലെ
സ്ത്രീകളെ സൂചിപ്പിക്കുന്ന 'മറക്കുട-
ക്കുള്ളിലെ മഹാനരകവുമെല്ലാമാണ്
നവോത്ഥാനകാലഘട്ടത്തിന്റെ
യഥാർത്ഥചിത്രങ്ങൾ.

വയലാറും, കുഞ്ചൻ നമ്പ്യാരും, വി.ടി യും, ആശാനും, അങ്ങനെ പല-പല കലാപ്രതിഭകളുടെ മനസ്സിന്റെ വെളിപാടും മാനവികചിന്തയുമെല്ലാം കേരളീയനവോത്ഥാനത്തിന്റെ പ്രാധാന്യമർഹിക്കുന്ന പാതകൾ തന്നെ.

വൈകുണ്ഠം, സ്വാമികൾ, ചട്ടമ്പിസ്വാമികൾ, പൊയ്കയിൽ അപ്പച്ചൻ, പണ്ഡിറ്റ് കെ.പി കറുപ്പൻ തുടങ്ങിയ ഒരുപാടും മനുഷ്യസ്നേഹികളുടെ അടങ്ങാത്ത ആത്മവിശ്വാസത്തിന്റെയും, കർമ്മനിരതയുടെയും മാനവികതയുടെയും കർമ്മഫലം തന്നെയാണ് കേരളീയനവോത്ഥാനം എന്ന യാഥാർത്ഥ്യം. പൊതുഭക്ഷണശാലകൾ, പൊതുകിണറുകൾ, പൊതുവിദ്യാലയങ്ങൾ എന്നിവ പടുത്തുയർത്തുന്നതിലൂടെ അവർ സാധ്യമാക്കിയത് കേവലം മനുഷ്യക്ഷേമവും, സാമൂഹികഭദ്രതയും.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കേരള സ്കൂൾ കലോത്സവം തിരുത്തി:...................... പ്രോഗ്രാം കമ്മിറ്റി

മാത്രമല്ല, മറിച്ച് ശിഥിലമായിരുന്ന കേരളീയസമൂഹത്തിന്റെ ഉന്നമനം കൂടിയാണ് ഗാന്ധിജി. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിൽ നിന്നും യാതൊരു ആയുധങ്ങളുടെയും പിൻബലമില്ലാതെ, സത്യവും അഹിംസയും കൊണ്ട് ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച മഹാത്മാവ് ക്ഷേത്രപ്രവേശനവിളംബരത്തെ ആധുനിക കാലത്തെ മഹാത്ഭുതമെന്നാണ് വിശേഷിപ്പിച്ചത്. വൈക്കത്ത് നടന്ന സത്യാഗ്രഹവും, സവർണ്ണജാഥയുമെല്ലാം കേരളത്തിൽ മാത്രമല്ല മറിച്ച് ലോകമൊട്ടാകെ ശ്രദ്ധാർജ്ജിച്ചിരുന്നു.

ഇതിലൂടെയെല്ലാം വ്യക്തമാകുന്ന ഒന്നുണ്ട്. ഓരോ മാറ്റങ്ങൾക്കും വേണ്ടിയുള്ള സമരങ്ങളിലേക്കും പ്രക്ഷോഭങ്ങളിലേക്കും നവോത്ഥാനനായകരെ നയിച്ചത്

മാനവികത' എന്ന അണയാത്ത
മാർഗ്ഗദീപം തന്നെയാണ്.

## മാനവികത ഒരു മരീചികയോ?

'മറ്റുള്ളവർക്കായ് ഒരു കണ്ണുനീർ
പൊഴിക്കവേ ഉദിക്കയാണെന്നാ-
ത്മാവിലായിരം സൗരമണ്ഡലം'

മലയാളത്തിന്റെ പ്രിയപ്പെട്ട കവി ശ്രീ അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ വരികൾ നമുക്ക് ചുറ്റുമുള്ള നമ്മുടെ സഹോദരങ്ങൾക്ക് കൂടി വേണ്ടി വർത്തിക്കുമ്പോൾ കരഗതമാകുന്ന അനിർവ്വചനീയമായ ആനന്ദത്തിലും ആഹ്ലാദത്തിലും ആറാടിക്കൊണ്ടിരുന്ന കവിയുടെ തൂലികയിൽ നിന്നുതിർന്ന മനോഹരമായ ചിന്തകൾ.

അതെ സ്വാർത്ഥതയുടെ ഇന്നത്തെ സമൂഹത്തിൽ തീർച്ചയായും മുഴങ്ങേണ്ട ഒന്നാണ് നമ്മുടെ

നവോത്ഥാനനായകരുടെ വീരഗാഥകൾ.
അരാജകത്വവും, അനീതിയും
ഇടകലരുന്ന സ്വാർത്ഥതയുടെ ഇന്ന-
ത്തെ നാളുകളിലൂടെ അന്ധകാര-
ത്തിന്റെ ഇന്നലെകൾ ഇന്നും
തിരിച്ചെത്തുന്നു.

ദൈനംദിനം മനുഷ്യത്വരഹിത
മായ പല കൊള്ളരുതായ്മകൾക്കും
നാം സാക്ഷ്യം വഹിക്കുമ്പോൾ
ഇത്തരത്തിലുള്ള ഒരു ഭാവിയല്ല
നമ്മുടെ സമരനായകന്മാർ നമുക്ക്
വേണ്ടി സ്വപ്നം കണ്ടത് എന്ന്
നാം ഓർക്കേണ്ടിയിരിക്കുന്നു. യുദ്ധ-
വെറിപൂണ്ട ഭീകരർ യാതൊരു ദയയും
കൂടാതെ പിഞ്ചുകുഞ്ഞുങ്ങളെ
കൊന്നൊടുക്കുമ്പോൾ സ്വന്തം സഹോ-
ദരിയെ പിച്ചിച്ചീന്തിമ്പോഴെല്ലാം
സ്വന്തം രക്തം നാടിനായി നൽകിയ
നവോത്ഥാനനായകരുടെ നാമമാണ്
കളങ്കപ്പെടുന്നത്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ലഹരിയും മറ്റ് സാമൂഹ്യമാധ്യ-
മങ്ങളാകുന്ന വിപത്തുകളും
സമൂഹത്തെ തന്നെ കാർന്ന് തിന്നു-
മ്പോൾ മാനവികത മണ്ണിൽ മൂടപ്പെ-
ടുകയാണ്. നമ്മുടെ തൊട്ടടുത്തിരിക്കു-
ന്നവരുടെ മനസ്ഥിതിമനസ്സിലാക്കാ-
തെ സ്വാർത്ഥതാൽപ്പര്യങ്ങൾക്ക്വേണ്ടി
മാത്രം ജീവിക്കുന്ന ഒരു സമൂഹം
മാനവികതയ്ക്ക് ഏറ്റവും വലിയ
വെല്ലുവിളിതന്നെയാണ്.

യാതൊരു മൂല്യത്തിന്റെയും
രശ്മിപോലും ഇല്ലാതിരുന്ന ഒരു
കാലത്തെ പുനർക്രമീകരിച്ച്
മഹത്തായ ഒരു സമൂഹമാക്കി
മാറ്റിയപ്പോൾ, അതിന് അവരെ
പ്രേരിപ്പിച്ച മാനവികതയുടെ
തന്നെ വധത്തിന് വേണ്ടിയൊരിക്ക-
ലുമാകരുത്. വർഗ്ഗീയതയും, ലഹള-
കളുമെല്ലാം കലാപങ്ങൾ സൃഷ്ടി-
ക്കുമ്പോൾ മനുഷ്യരുടെ തന്നെ

സത്യമായ മാനവികത ഹിംസയ്ക്ക് വിധേയമാകുന്നു. സമൂഹത്തിൽ വീണ്ടും പക്ഷപാതവും, കൊള്ളരുതായ്മകളും പ്രകടമാകുമ്പോൾ മാനവികത എന്ന അവിഭാജ്യതയിൽ തന്നെയാണ് വിള്ളൽ വീഴുന്നത്.

വരും തലമുറകളെ പറ്റി യാതൊന്നും ചിന്തിക്കാതെ സർവ്വ-വിഭവങ്ങളും സ്വാർത്ഥമായി ഉപയോഗിക്കുന്ന ഇന്നത്തെ മാനവികസമൂഹം സുസ്ഥിരതയെന്ന മഹത്വപരമായ ~~അ~~ ആശയത്തെയാണ് ബാധിക്കുന്നത്. പ്രകൃതിമാതാവിനെ പോലും പരിഗണിക്കാതെ സർവ്വവിഭവങ്ങളും ചൂഷണത്തിന് വിധേയരാക്കുന്ന മനുഷ്യർ യഥാർത്ഥ-ത്തിൽ മാനവികതയ്ക്ക് തന്നെ വെല്ലുവിളിയുയർത്തുകയാണ്.

കേരളീയനവോത്ഥാനമെന്ന സ്വപ്നതുല്യമായ ആശയം സാധ്യമാക്കിയതിലൂടെ ജനനായകന്മാർ ആശിച്ചത് എല്ലാവരും ജാതിമതവർഗ്ഗവർണ്ണഭേദമന്യേ സസന്തോഷം വാഴുന്ന ഒരു സമൂഹമാണ്. എന്നാൽ ഇന്ന് വീണ്ടും ഹിംസയാലും, അക്രമങ്ങളാലും, സദ്ഭാവന ഇല്ലായ്മയാലും കലുഷിതമാകുന്ന ഒരു നാടാണ് ദൃശ്യമാകുന്നത്. ഇതെല്ലാം സർവ്വസഹോദര്യ ചിന്തകളെയും മുറിപ്പെടുത്തുന്ന പ്രതിസന്ധികൾ തന്നെ.

മൂല്യബോധമുള്ള, സദ്ഭാവനയുള്ള, മനുഷ്യനെ മനുഷ്യരായി കാണുന്ന ഒരു പുതു തലമുറകളെ സൃഷ്ടിക്കുന്നതിലൂടെ. മാത്രമേ കേരളം ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ നേരിടാനും അതിജീവിക്കാനും സാധിക്കൂ.

'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന സാർവ്വലൗകികപ്രഖ്യാപനം നടത്തിയ ശ്രീനാരായണഗുരുവിന്റെ പാത പിൻപറ്റി ജീവിക്കുന്ന ഒരു വിദ്യാർഥിസമൂഹത്തെ സൃഷ്ടിച്ച് കേരളത്തിന്റെ തനിമയും സമ്പൽസമൃദ്ധിയും, ഐക്യവും മതസൗഹാർദ്ദവും നിലനിർത്താൻ നമുക്ക് ഏവർക്കും കൈകോർക്കാം.

'ഒന്നായാൽ നന്നായി
നന്നായാൽ ഒന്നായി'